(സി) ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി ജീവനക്കാരുടെ സേവനവും ആശുപത്രി കെട്ടിടത്തിന്റെ ഉപയോഗവുമല്ലാതെ മറ്റൊരു സംവിധാനവും സൗകര്യവും സർക്കാർ ഫണ്ട് ഉപയോഗിച്ച് പേയിംഗ് കൗണ്ടറിനു ഏർപ്പെടുത്തിയിട്ടില്ല.

(ഡി & ഇ) പേയിംഗ് കൗണ്ടറിന്റെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനു വേണ്ടി ആശുപത്രി വികസന സൊസൈറ്റി അംഗങ്ങളെയും ആശുപത്രിയിലെ വകുപ്പ് അദ്ധ്യക്ഷന്മാരെയും ഉൾപ്പെടുത്തി പേയിംഗ് കൗണ്ടർ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. മരുന്ന് വാങ്ങാനെത്തുന്നവരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ശ്രമിച്ചിട്ടുണ്ട്. പേഷ്യന്റ് കൗൺസിലിംഗ് സെന്ററും, റീഫണ്ട് കൗണ്ടറും തുടങ്ങി കഴിഞ്ഞു. ഏറെ സമയം ക്യൂ നിൽക്കാതെ മരുന്നു വാങ്ങിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇവ രോഗികൾക്കു ന്യായമായ വിലയ്ക്കു ലഭ്യമാക്കുന്നതിന് വേണ്ടി പുതിയ കൗണ്ടറുകൾ ആരംഭിക്കണമെന്ന് എച്ച് ഡി. എസ്. പേയിംഗ് കൗണ്ടർ ഉപദേശക സമിതി, പേയിംഗ് കൗണ്ടർ മാനേജ്മെന്റ് കമ്മിറ്റി എന്നിവ തീരുമാനിച്ചിട്ടുണ്ട്.

(ജി) പേയിംഗ് കൗണ്ടറിൽ ഇപ്പോൾ തന്നെ ആറ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം രാത്രിയും പകലും പ്രവർത്തിക്കുന്നു. കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്ന മുറയ്ക്കു കൂടുതൽ കൗണ്ടറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ

182 (1117) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ എന്നിവയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം സാമ്പത്തിക സഹായം എത്ര വീതം അനുവദിച്ചിട്ടുണ്ട് ;

(സി) ആശുപത്രി വികസന സൊസൈറ്റികളും ആശുപത്രി ഫാർമസികളും സംയുക്തമായി വേണം സർക്കാർ ആശുപത്രികളിൽ പേയിംഗ് കൗണ്ടറുകൾ ആരംഭിക്കുവാൻ എന്ന് 1995-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ഇന്ന് പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിലെ പേയിംഗ് കൗണ്ടറുകൾക്ക് കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ പേയിംഗ് കൗണ്ടറുകളും, ആലപ്പുഴ മെഡിക്കൽ കോളേജിൽ "മെഡിബാങ്ക്" എന്ന ന്യായവില മെഡിക്കൽ സ്റ്റോറും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലയൺസ് ക്ലബ്ബിന്റെ കീഴിൽ നടത്തുന്ന ന്യായവില മെഡിക്കൽ സ്റ്റോറും പ്രവർത്തിക്കുന്നു. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ നീതി മെഡിക്കൽ, മാവേലി മെഡിക്കൽ, പേയിംഗ് കൗണ്ടർ എന്നീ പേരുകളിൽ നിലവിൽ 25 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(സി) നൽകിയിരുന്നു.

(ഡി) തിരുവനന്തപുരം കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിലും മലപ്പുറം, കണ്ണൂർ ഗവൺമെന്റ് ആശുപത്രികളിലും പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നു.

(ഇ) പേയിംഗ് കൗണ്ടറുകൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്.

ന്യായവില മെഡിക്കൽ സ്റ്റോറുകൾ

183 (1118) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രധാന ആശുപത്രികളിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഫാർമസിയുടെ മാതൃകയിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) ചില ഔഷധ നിർമ്മാതാക്കൾ പേയിംഗ് കൗണ്ടറുകൾക്ക് മരുന്നുകൾ നൽകുന്നതിൽ വൈമുഖ്യം കാണിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയവയിൽ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly